(ഡി) കടൽ മത്സ്യസമ്പത്തിനെപ്പറ്റിയുള്ള സമഗ്രമായ ഗവേഷണങ്ങളും പഠനങ്ങളും നടത്തിയിട്ടുണ്ട്. മത്സ്യസമ്പത്തെല്ലാം വംശനാശം വരാതെ ചൂഷണം ചെയ്യുവാൻ ഓരോ തരത്തിലുംപ്പെട്ട എത്ര ബോട്ടുകൾ യന്ത്രവൽകൃത വള്ളങ്ങൾ/ വലകൾ പരമാവധി ഉപയോഗിക്കാം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ കല്ലുമേക്കായ കൃഷി ഈ സ്ഥാപനം വികസിപ്പിച്ചെടുത്തതാണ്. തീരപ്രദേശങ്ങളിലേയും മറ്റു പ്രാന്തപ്രദേശങ്ങളിലേയും ജനങ്ങൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് ഒരു ഉപജീവനമാർഗ്ഗം നൽകുകയെന്ന ഉദ്ദേശ്യത്തിൽ ഗവേഷണ കേന്ദ്രത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കല്ലുമേക്കായ് കൃഷി ഇന്ന് കോഴിക്കോട്ടുള്ള പടന്ന മുതൽ കാസർകോട്ടുവരെ എത്തിയിരിക്കുകയാണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യഫെഡിന്റെ പ്രവർത്തനം

85 [1888] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
" മത്തായി ചാക്കോ:
ഡോ. തോമസ് ഐസക്ക്:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) മത്സ്യഫെഡിൽ ഇപ്പോൾ എത്ര ജീവനക്കാർ ജോലിനോക്കി വരുന്നുണ്ട്;

(സി) മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചമാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ശുപാർശയുടെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ഇ) ഈ ശുപാർശകളിന്മേൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 589.

(സി) ലഭിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[13-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 23 (1801) ദയവായി കാണുക]

GOVERNMENT OF KERALA

Department of Tourism

LIST OF CENTRALLY SPONSORED SCHEME AT MALABAR REGION—2003-04

Sl. No.	Name of Project	Amount sanctioned by Government of India
1.	Wayside facilities at Meppadi	9,00,000.00
2.	Development of major jetties at 4 locations at Kanyancode (kkd) Azheekal (Knr), Kotti (Payyannur, Knr), Attinkadavu (Ksrd)	3,00,00,000.00
3.	Development of Houseboat terminal at Neeleswaram	1,25,00,000.00
4.	Development of Houseboat terminal at Vadikkal	1,20,00,000.00
	Total	5,54,00,000.00

അനുബന്ധം VII

[13-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 85 (1888) ദയവായി കാണുക]

മത്സ്യഫെഡ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

1. വിവിധ വായ്പാ പദ്ധതികൾ:

(എ) എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി.

ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധന സഹായത്തോടുകൂടി മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ സ്വന്തമാക്കുന്നതിന് ലളിതവും, സബ്സിഡിയോടുകൂടിയതുമായ വായ്പകൾ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. ഈ പദ്ധതിവഴി മത്സ്യത്തൊഴിലാളി സംഘങ്ങൾ ശക്തിപ്പെടുത്തി തീരദേശ ലേലം വ്യാപിപ്പിക്കുന്നതിനും മത്സ്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

ന്നതിനും സ്ത്രീകൾക്ക് മത്സ്യവിപണനത്തിന് സഹായധനം നൽകുന്നതിനും സഹായം നൽകിവരുന്നു. 2458 ലക്ഷം രൂപ അടങ്കൽ തുകയോടുകൂടിയ ഇക്കൊല്ലത്തെ സംയോജിത മത്സ്യവികസന പദ്ധതിയുടെ നിർവ്വഹണം തുടങ്ങി കഴിഞ്ഞു.

(ബി) എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. എന്നിവയുടെ ധനസഹായത്തോടുകൂടിയുള്ള സ്വയംതൊഴിൽ പദ്ധതികൾക്കായി കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നൽകി നടപ്പിലാക്കുന്നു.

നടപ്പുവർഷം 200 ലക്ഷം രൂപ ഈയിനങ്ങളിൽ വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി മത്സ്യമേഖലയിൽ വിതരണം ചെയ്യുന്നതാണ്.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റായി ലഭിച്ച 99.83 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ മത്സ്യത്തൊഴിലാളി വനിത സംഘങ്ങൾവഴി മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകവഴി 1000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

2. താഴെ പറയുന്ന സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികൾ മത്സ്യഫെഡ് നടപ്പിലാക്കിവരുന്നു:

(എ) നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിനുള്ള ധനസഹായം 10,000 രൂപ വീതം.

(ബി) മത്സ്യബന്ധന വലകൾ വാങ്ങുന്നതിനുള്ള ധനസഹായം 6,000 രൂപ വീതം.

3. വിവിധ ഇൻഷ്വറൻസ് സുരക്ഷാ പദ്ധതികൾ:

(എ) മത്സ്യത്തൊഴിലാളി സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള പ്രീമിയം തുക അടച്ച തൊഴിലാളികൾക്കുവേണ്ടി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അപകട മരണത്തിന് 1.50 ലക്ഷം രൂപയാണ് നഷ്ടപരിഹാര തുക.

(ബി) വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം എന്നിവ വഴി ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

4. വിവിധ വാണിജ്യ പ്രവർത്തനങ്ങൾ:

മത്സ്യബന്ധനത്തിനാവശ്യമായ ഗുണനിലവാരമുള്ള മത്സ്യബന്ധന വലകൾ മത്സ്യഫെഡ് നേരിട്ട് നിർമ്മിച്ച് ന്യായമായ വിലയ്ക്ക് വിപണനം നടത്തിവരുന്നു. കൂടാതെ ഔട്ട് ബോർഡ് എഞ്ചിനുകൾ ജപ്പാനിൽനിന്നും ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

മത്സ്യബന്ധനത്തിനാവശ്യമായ 2 റ്റി ഓയിൽ, മറ്റനുബന്ധ സാമഗ്രികൾ എന്നിവയും ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. ഔട്ട് ബോർഡ് എഞ്ചിനുകളുടെ റിപ്പയറും സ്പെയർ പാർട്ടുകളുടെ വിപണനവും മത്സ്യഫെഡ് നടത്തിവരുന്നു.

ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ്:

മത്സ്യഫെഡിന്റെ കീഴിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് കേരളാ ഫിഷറീസ് കോർപ്പറേഷനിൽനിന്നും മത്സ്യഫെഡിന് കൈമാറ്റം ചെയ്തുകിട്ടിയതാണ്. കോൾഡ് ചെയിൻ പദ്ധതിപ്രകാരം ഉള്ള ഫണ്ട് ഉപയോഗിച്ച് ആധുനിക സംസ്ക്കരണ സൗകര്യങ്ങൾ ഉൾപ്പെടുത്തി നവീകരണം നടത്തിയ ടി പ്ലാന്റ് 1999 ജൂലൈ മാസം കമ്മീഷൻ ചെയ്യുകയുണ്ടായി.

പ്രതിദിനം 15 ടൺ ഫ്ളേക്ക് ഐസ് ഉൽപ്പാദിപ്പിക്കുന്ന പ്ലേറ്റ് ഫ്രീസർ 7 ടൺ മത്സ്യം ശീതീകരിക്കാനുള്ള ടണൽ ഫ്രീസർ. 2.5 ടൺ മത്സ്യം ശീതീകരിക്കാനുള്ള ഐ.ക്യു.എഫ് എന്നീ സംവിധാനങ്ങൾ ഉണ്ട്. കൂടാതെ 600 ടൺ ശീതീകരിച്ചു സൂക്ഷിക്കാനുള്ള സൗകര്യവും, 25 ടൺ മത്സ്യം തണുപ്പിച്ച് സൂക്ഷിക്കാനുള്ള സൗകര്യവും ഉണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തിരം ശേഖരിക്കുന്ന മത്സ്യം സംസ്ക്കരിച്ച് ആഭ്യന്തര, അന്താരാഷ്ട്ര മാർക്കറ്റുകളിൽ ആണ് വിപണനം നടത്തുന്നത്.

ഐസ് പ്ലാന്റുകൾ ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തിവരുന്നു.

ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തനയോഗ്യമല്ലാതെ കിടക്കുന്ന വിവിധ ജില്ലകളിൽ താഴെ പറയുന്ന 6 ഐസ് പ്ലാന്റുകൾ മത്സ്യഫെഡിന് കൈമാറി കിട്ടുകയുണ്ടായി:

1.	ഐസ് പ്ലാന്റ്, കസബ	..	കാസർകോട്
2.	കൊയിലാണ്ടി	..	കോഴിക്കോട്
3.	താനൂർ	..	മലപ്പുറം
4.	തലായ്	..	കണ്ണൂർ
5.	മാപ്പിളബേ	..	,,
6.	ചാവക്കാട്	..	തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII—(തുടർച്ച)

ഇതിൽ കുസബ, താനൂർ, തലായ് എന്നീ ഐസ് പ്ലാന്റുകൾ 10 ടൺ ഉൽപ്പാദന യൂണിറ്റുകളായി നവീകരിച്ച് പ്രവർത്തനം തുടങ്ങി കഴിഞ്ഞു. മാപ്പിളബേ, ചാവക്കാട് എന്നീ ഐസ് പ്ലാന്റുകൾ നവീകരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൈറ്റിൻ കൈറ്റോസാൻ പ്ലാന്റ്:

കൊല്ലം ജില്ലയിൽ നീണ്ടകരയിൽ പ്രവർത്തിക്കുന്ന കൈറ്റിൻ കൈറ്റോസാൻ പ്ലാന്റ് ചെമ്മീൻ/ഞണ്ട് എന്നിവയുടെ തോടിൽ നിന്നും ഫാർമസ്യൂട്ടിക്കൽ, ആരോഗ്യ സംരക്ഷണം, സൗന്ദര്യ വർദ്ധക സാധനങ്ങൾ എന്നിവയിൽ ഉപയോഗിക്കാവുന്ന ഘടകങ്ങളായ കൈറ്റിൻ, കൈറ്റോസാൻ എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തിവരുന്നു.

നിലവിലുള്ള കൈറ്റോസാൻ പ്ലാന്റ് നവീകരണം നടത്തി സി.ഐ.എഫ്.റ്റി. യുടെ സാങ്കേതിക സഹായത്തോടെ പുതിയ ഉൽപ്പന്നമായ കൈറ്റോസാൻ ക്യാപ്സ്യൂൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ക്യാപ്സ്യൂൾ നിർമ്മാണ യൂണിറ്റ് ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. അമിത വണ്ണം കുറയ്ക്കുന്നതിനും, കൊളസ്ട്രോൾ കുറയ്ക്കുന്നതിനും കൈറ്റോസാൻ ഉൽപ്പന്നം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്ന് കേന്ദ്ര ഗവേഷണ സ്ഥാപനമായ സി.ഐ.എഫ്.റ്റി. തെളിയിച്ചിട്ടുണ്ട്.

അനുബന്ധം VIII

[13-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 86 (1889) ദയവായി കാണുക.]

2002 മുതൽ മത്സ്യഫെഡുവഴി മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ നടപടികൾക്കായി നടപ്പിലാക്കി തുടങ്ങിയ പദ്ധതി കഴിഞ്ഞ വർഷവും തുടർന്നു. ഈ പദ്ധതിപ്രകാരം ഇനി പറയുന്ന തരത്തിലുള്ള കടാശ്വാസ പരിപാടികൾ നടപ്പിലാക്കി.

1. മത്സ്യഫെഡ്/മത്സ്യബന്ധന വകുപ്പ് എന്നിവ വഴി ഭവന നിർമ്മാണ വായ്പയെടുത്ത് വീട് പണിയുകയും പിന്നീട് പ്രകൃതി ക്ഷോഭംമൂലം വീട് നഷ്ടപ്പെടുകയോ വിധവകളാകുകയോ ശയ്യാവലംബരും നിത്യരോഗികളുമാകുകയോ മരണപ്പെടുകയോ ആലംബഹീനരാകുകയോ ചെയ്തവരുടെ കുടിശ്ശിക കടം വീട്ടുന്നതിന് പ്രത്യേക ആശ്വാസ പദ്ധതി നടപ്പിലാക്കി.

2. മത്സ്യത്തൊഴിലാളികൾ നാളിതുവരെ എടുത്തിട്ടുള്ള ഭവന നിർമ്മാണ വായ്പയിന്മേൽ ഉണ്ടായിട്ടുള്ള കുടിശ്ശിക അടച്ചു തീർക്കുന്നവർക്ക് പിഴ പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നു.

3. മത്സ്യഫെഡുവഴി എൻ.സി.ഡി.സി. 1, 2, 3, ഐ.എഫ്.ഡി.പി.98, ഐ.എഫ്.ഡി.പി. ഇൻലാന്റ് എന്നീ പദ്ധതികൾ വഴി മത്സ്യബന്ധനോപകരണങ്ങൾക്കുള്ള വായ്പയോ എൻ.ബി.സി.എഫ്.ഡി സി.,

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII—(തുടർച്ച)

എൻ.എം.ഡി.എഫ്.സി. വഴി 1998 വരെ സ്വയം തൊഴിലിനുള്ള വായ്പയോ ലഭിച്ചിട്ടുള്ളവർക്ക് പിഴ പലിശ ഒഴിവാക്കിക്കൊണ്ട് കുടിശ്ശിക തീർക്കുന്നതിന് വൺടൈം സെറ്റിൽമെന്റ് (ഒ.ടി.എസ്.) പദ്ധതി നടപ്പിലാക്കി.

മാറാട് കലാപത്തിൽ മത്സ്യത്തൊഴിലാളികൾക്കുണ്ടായ നാശനഷ്ടത്തിന് ആശ്വാസ നടപടി കൈക്കൊള്ളുന്നതിന് ദുരിതാശ്വാസ പദ്ധതിയിൽനിന്നും 1,51,96,500 രൂപ അനുവദിച്ചുകൊടുത്തു.

പുതുക്കുറിച്ചി സംഘർഷത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതിന് 8,38,600 രൂപ ചെലവഴിച്ചു.

ഭവന നിർമ്മാണ വായ്പയിൻമേൽ 10 ജില്ലകളിലായി 10,529 അപേക്ഷകർക്ക് കടാശ്വാസം നൽകുന്നതിന് 981.99 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇതിനു പുറമെ ഹഡ്കോയിലേക്ക് 90.74 ലക്ഷം രൂപ ഒ.റ്റി.എസ്. ആയി തിരിച്ചടവ് നടത്തിയിട്ടുണ്ട്.

ഇതുവരെ ഈ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസമായി 1603.581 ലക്ഷം രൂപ ചെലവായി. ചെലവായ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതി	ചെലവായ തുക (ലക്ഷത്തിൽ)	ഗുണഭോക്താക്കളുടെ എണ്ണം
1	കടാശ്വാസം		
	(എ) ഭവന നിർമ്മാണ പദ്ധതി	1072.73	10529
	(ബി) എൻ.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി., എൻ.സി.ഡി.സി. പദ്ധതികൾ	370.50	2635
	(സി) പുതുക്കുറിച്ചി കലാപം	8.386	11
2	മാറാട് കലാപം	151.965	105
	ആകെ ചെലവ്	1603.581	13280

LIBRARY ARCHIVES Kerala Legislative Assembly